LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959

(Second Meeting)

[Tuesday, the 26th May, 1959.

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 26th May 1959, with Mr. Speaker in the Chair.

I. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS

സമുദായസൗഹാർദ്ദവും നിയമസമാധാനവും തകർക്കുന്ന പ്രസംഗങ്ങൾ.

* 157. [1] ശ്രീ. എൻ. ശിവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് നിലവിലുള്ള സമുദായസൗഹാർദ്ദം തകർക്കുന്നതിനും, നിയമസമാധാനനിലയെ അപകടപ്പെടുത്തുന്നതിനും പര്യാപ്തമായ പ്രസംഗങ്ങളും, പ്രസ്താവനകളും, പ്രകടനങ്ങളും ചില സമുദായനേതാക്കന്മാർ നടത്തിവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങളെ തടയുന്നതിനു് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്): (എ) ഉണ്ടു്.

(ബി) ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി, അക്രമങ്ങൾ ഉണ്ടാകാൻ ഇടയുള്ള സ്ഥലങ്ങളിൽ, അതിനെതിരായി നിയമപരമായ നടപടികൾ എടുക്കുന്നതായിരിക്കും. അതിനും പുറമേ സമാധാനഭഞ്ജകമായ ഇത്തരം പ്രവർത്തനങ്ങൾക്കെതിരായി പൊതുജനാഭിപ്രായം വളർത്തുന്നതിനു ഗവണ്മെൻറ് സഹായിക്കുകയും ചെയ്യും.

ശ്രീ. എൻ. ശിവൻ പിള്ള: ഒരു യോഗത്തിൽ, ശ്രീ. മന്നത്തു പദ്മനാഭൻ ഇത്തരം പ്രവർത്തനങ്ങളിൽ ഇടപെട്ടു്, പോലീസു് അടിക്കുകയാണെങ്കിൽ തിരിച്ചടിക്കണമെന്നു് ജനങ്ങൾക്കു് പ്രോത്സാഹനം നൽകിയതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: പത്രറിപ്പോർട്ടുകൾ കണ്ടു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: മന്നത്തു പദ്മനാഭന്റെ കാര്യം ഇവിടെ പറഞ്ഞു. ചില സമുദായനേതാക്കന്മാർ ഇങ്ങനെ ചെയ്യുന്നതായിട്ടാണു് ചോദ്യം. മന്നത്തു പദ്മനാഭൻ അല്ലാതെ, വേറെ ഏതെങ്കിലും സമുദായനേതാക്കന്മാർ ഇങ്ങനെ പ്രസംഗിച്ചിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: ഇപ്പോഴം പേരു പറയാൻ തോന്നുന്നില്ല; ഉണ്ടു്.

ശ്രീ. സി. എ. മാത്യു: ചില സമുദായനേതാക്കന്മാർ ഇത്തരം പ്രസംഗങ്ങളും, പ്രകടനങ്ങളും നടത്തിവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നാണു് ചോദ്യം. അതിനു് 'ഉണ്ടു'ന്നു മറുപടിയും പറഞ്ഞു. സമുദായനേതാക്കന്മാർ ഒരാളം ആയിരിക്കുകയില്ല; ചിലർ ഉണ്ടെന്നാണു് പറയുന്നതു്. അപ്പോൾ വേറെ ആരുടെയെങ്കിലും പേരു പറയാമോ; മൂടിച്ചുവയ്ക്കാനുള്ള കാര്യമല്ലിതു്. സമുദായസൗഹാർദ്ദം തകർക്കണം, നിയമസമാധാനങ്ങളെ അപകടത്തിലാക്കാനുമുള്ള ശ്രമമാണു് നടത്തുന്നതു്. അതു് ആരാണെന്നറിയേണ്ടിയിരിക്കുന്നു. അവരുടെ മേൽ എന്തെങ്കിലും കർശനമായ നടപടി എടുക്കേണ്ടതുമാണു്.

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: നടപടി എടുക്കുന്നതായിരിക്കും എന്നാണു് പറഞ്ഞതു്.

ശ്രീ. സി. എ. മാത്യു: ആരെല്ലാമാണെന്നു പറഞ്ഞില്ല.

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: അതിനു നടപടി എടുക്കേണ്ടവരുടെ പേരിൽ നടപടി എടുക്കുന്നുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പള്ളികളിൽ ആയുധം ശേഖരിച്ചുവരുന്നതായി പത്രങ്ങളിൽ കണ്ട വാർത്ത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: പത്രങ്ങളിൽ റിപ്പോർട്ടുകളും പലതും കണ്ടു.

Shri M. C. Abraham: On a point of order.

''പള്ളികളിൽ ആയുധപരിശീലനം നടത്തുന്നതായി ചോദിക്കുന്നതു ശരിയാണോ?'' Does that arise out of this question?

Mr. Speaker: That supplementary question need not be answered.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: മന്നത്തു പദ്മനാഭൻ ഏപ്രിൽ 12-ാം തീയതി തിരുവല്ലായിൽവച്ചു് 'നായർ ഇതു രാജ്യം ഭരിക്കാൻ പോകുകയാണു്'' എന്നു പ്രസംഗിച്ചിട്ടുള്ളതായി 'സ്റ്റേറ്റ് അഫിഡേഫ്ഷൻ ഇൻ കേരള' എന്ന പേരിൽ ഗവണ്മെൻറിന്റെ ഒരു പ്രസിദ്ധീകരണത്തിൽ പറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: പത്രറിപ്പോർട്ടു് അതിൽ quote ചെയ്തതാണു്. മന്നത്തു പദ്മനാഭൻ അങ്ങനെ പ്രസംഗിച്ചിട്ടില്ലെന്നു ബഹുമാനപ്പെട്ട മെമ്പർ പറയുകയാണെങ്കിൽ വളരെ സന്തോഷമുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇതിനെ സംബന്ധിച്ചു് പത്രറിപ്പോർട്ടുകളും അല്ലാതെ ഗവണ്മെൻറിനു് ഔദ്യോഗികമായി എന്തെങ്കിലും റിപ്പോർട്ടുകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: കിട്ടിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ: സമുദായസൗഹാർദ്ദം അപകടപ്പെടുത്തുന്ന എന്തെല്ലാം കാര്യങ്ങളാ, അതൊക്കെയാണ് പറഞ്ഞിട്ടുള്ളത്?

ശ്രീ. സി. അച്യുതമേനോൻ: വിശദവിവരം ഇപ്പോൾ പറയുന്നില്ല; റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇങ്ങനെയുള്ള റിപ്പോർട്ടുകൾ പല റിപ്പോർട്ടുകളായിട്ടല്ലാതെ, നിയമസമാധാനങ്ങൾ അപകടപ്പെടുത്തുകയും, സമുദായസൗഹാർദ്ദം തകർക്കുകയും ചെയ്യുന്ന തരത്തിലുള്ള ചില സമുദായ നേതാക്കന്മാരുടെ പ്രസംഗങ്ങളെപ്പറ്റി ഔദ്യോഗികമായി റിപ്പോർട്ടുണ്ടെന്നു പറയുന്നു. അങ്ങനെയുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസംഗിച്ചിട്ടുള്ളതെന്നു ഔദ്യോഗികമായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: പോലീസു റിപ്പോർട്ടുണ്ട്; എന്തൊക്കെയാണ് എന്നും മറ്റുമുള്ള വിവരം ഇപ്പോൾ പറയണമെന്നുദ്ദേശിക്കുന്നില്ല.

എക്സ്പ്രസ് സർവ്വീസ്.

* 1572. [2] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല, പാലാ എന്നീ പ്രദേശങ്ങളിൽക്കൂടി കോട്ടയം-എറണാകുളം റൂട്ടിൽ എക്സ്പ്രസ് സർവ്വീസ് ഓടുന്നതിനുള്ള കാണിച്ച് ഗവണ്മെന്റ് ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു പരസ്യം ചെയ്തു; എന്നാരംഭിക്കുമെന്നു നിശ്ചയിച്ചിരുന്നു, ആരംഭിക്കാതിരിക്കാൻ കാരണമെന്തു?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) മേല്പടി റൂട്ടിൽ പാസഞ്ചർ സർവ്വീസ് ഓടുന്നതിനു ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

(ബി) 27-1-1959-ൽ; 1-3-1959 മുതൽ നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാകാത്തതുകൊണ്ട് ആരംഭിക്കാൻ സാധിച്ചിട്ടില്ല.

அரசியல் காரணங்களுக்காக கவர்ன்மென்ட் சர்வீஸ்களிலி நந்து நீக்கப்பட்டவர்கள்.

* 1573. [3] ஸ்ரீ. என். கணபதி: கீழ் காணும் விஷயங்களுக்கு முதன் மந்திரி அவர்கள் விடை பகர்வார்களாக:

(எ) அரசியல் காரணங்களுக்காக 1-4-1948 முதல் 1-4-1958 வரை எத்தனை நபர்கள் கவர்மென்ட் சர்வீஸுகளிலிருந்து டிஸ்மிஸ் செய்யப்பட்டது;

(பி) 1-4-1958-க்குப் பிறகு எத்தனை பேர்களுக்கு திரும்பவும் வேலை கொடுக்கப்பட்டது;

(ஸி) அவர்களுக்கு முந்திய பாக்கி சம்பளம் கொடுக்கப்பட்டதா;

(டி) கொடுக்கப்பட்டிருந்தால் தொகை எவ்வளவு;

(இ) இல்லையானால் காரணம் என்ன?

LIBRARY ARCHIVES Kerala Legislative Assembly